**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് ചികിത്സക്കായി പരിവർത്തിതാവധി അനുവദിച്ചതിനും, പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല മണ്ണുത്തി, ഇ.റ്റി.സി. പ്രിൻസിപ്പാളിന് നൽകുകയും ചെയ്ത ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1177/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 10.06.2019.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 16.07.2016, 18.06.2016 തീയതികളിലെ 11625/എസ്റ്റാ.എ1/2016/സിആർഡി നമ്പർ നടപടിക്രമം

2) ഗ്രാമവികസന കമ്മീഷണറുടെ 27.10.2016, 08.12.2017 തീയതികളിലെ 11625/എസ്റ്റാ.എ1/2016/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.സി.പി.ജോസഫിന് ചികിത്സക്കായി 31 ദിവസത്തെ പരിവർത്തിതാവധി അനുവദിച്ചുകൊണ്ടും, ടി കാലയളവിലേക്ക് തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ശ്രീ. ആർ. രവിരാജിന് നൽകിക്കൊണ്ടും പിന്നീട്, മേൽ നടപടിക്രമം റദ്ദ് ചെയ്ത്, പൂർണ്ണ അധിക ചുമതല മണ്ണുത്തി ഇ.റ്റി.സി. പ്രിൻസിപ്പാൾ ശ്രീ. പി.ഡി. ഫിലിപ്പിന് നൽകിക്കൊണ്ടും ഗ്രാമവികസന കമ്മീഷണർ പരാമർശം (1) നടപടിക്രമം പ്രകാരം ഉത്തരവായിരുന്നു. മേൽ നടപടികൾക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.സി.പി.ജോസഫിന് ചികിത്സക്കായി 31 ദിവസത്തെ പരിവർത്തിതാവധി അനുവദിച്ചതിനും, മേൽ തസ്തികയുടെ പൂർണ്ണ അധിക ചുമതല മണ്ണുത്തി, ഇ.റ്റി.സി. പ്രിൻസിപ്പാൾ ശ്രീ.പി.ഡി.ഫിലിപ്പിന് നൽകുകയും ചെയ്ത ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.സി.പി.ജോസഫ്, പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശ്ശൂർ

ശ്രീ. പി.ഡി. ഫിലിപ്പ്, ഇ.റ്റി.സി. പ്രിൻസിപ്പാൾ, മണ്ണുത്തി

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ